പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 330 30-01-2014-ൽ മറുപടിയ്ക്ക്

**സലിംരാജ് ഉൾപ്പെട്ട ഭൂമി തട്ടിപ്പ് കേസിൽ സി.ബി.ഐ. അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. ബി. സത്യൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. എം. ഹംസ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ മുൻ ഗൺമാൻ ശ്രീ. സലിംരാജ് ഉൾപ്പെട്ട ഭൂമി തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് റവന്യൂ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | (എ) ശ്രീ. സലിംരാജ് ഉൾപ്പെട്ടിട്ടുള്ള ഭൂമി ഇടപാടുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന WP(C)19431/2013, WP(C) 19462/2013 എന്നീ കേസുകളിൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്ന പ്രകാരം റവന്യൂ സെക്രട്ടറി അന്വേഷണം നടത്തി ബഹു. ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തൃക്കാക്കര നോർത്ത് വില്ലേജിലെ ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിരുന്ന WP(C)19431/2013 -ൽ റവന്യൂ സെക്രട്ടറി സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ വില്ലേജ് ഓഫീസർ, തൃക്കാക്കര നോർത്ത് വില്ലേജ്, അഡീഷണൽ തഹസിൽദാർ, കണയന്നൂർ, ഡെപ്യൂട്ടി കളക്ടർ, കളക്ടറേറ്റ്, എറണാകുളം, ജൂനിയർ സൂപ്രണ്ട്, കളക്ടറേറ്റ്, എറണാകുളം, അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ), ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം എന്നീ ഉദ്യോഗസ്ഥരുടെ വീഴ്ചകളെപ്പറ്റി പരാമർശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ കണയന്നൂർ അഡീഷണൽ തഹസിൽദാർ ശ്രീമതി. കൃഷ്ണകുമാരി സി.ആർ., തൃക്കാക്കര നോർത്ത് വില്ലേജ് ഓഫീസർ ശ്രീ. സാബു കെ.എസ്. എന്നിവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ശ്രീ. എം. പ്രസന്നകുമാർ, (അസിസ്റ്റന്റ് കമ്മീഷണർ എൽ.ആർ), ശ്രീ. വി.എം. മുഹമ്മദ് ബഷീർ (ഡെപ്യൂട്ടി കളക്ടർ എൽ.ആർ, കളക്ടറേറ്റ്, എറണാകുളം), ശ്രീമതി. ബി. ജയശ്രീ, |

(ജൂനിയർ സൂപ്രണ്ട്, കളക്ടറേറ്റ്, എറണാകുളം) എന്നിവർക്കെതിരെ വകുപ്പ്തല അന്വേഷണം ആരംഭിച്ച് കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കടകംപള്ളി വില്ലേജിലെ ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് WP(C)19462/2013 -ൽ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം റവന്യൂ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ ശ്രീ. സുബ്രഹ്മണ്യപിള്ള (മുൻ വില്ലേജ് ഓഫീസർ, കടകംപള്ളി) യെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ഈ കേസിൽ റവന്യൂ റിക്കാർഡുകളിൽ കൃത്രിമം നടന്നിട്ടുള്ളതായും റവന്യൂ ഉദ്യോഗസ്ഥർ ടി കേസിലെ ചില എതിർകക്ഷികളുടെയും മറ്റു ചിലരുടെയും സഹായത്തോടെ പുതിയ തണ്ടപ്പേർ റിക്കാർഡുകൾ തയ്യാറാക്കിയതായും ഇതിലേക്ക് നയിച്ച സാഹചര്യവും ഇതിന് പിന്നിലുള്ളവരെയും, അവർക്ക് റവന്യൂ ഉദ്യോഗസ്ഥരുടെ മേലുള്ള സ്വാധീനവും കണ്ടെത്തുന്നതിന് ഉചിതമായ ഏജൻസി മുഖാന്തിരം ആഴത്തിലുള്ള അന്വേഷണം മുഖേനയേ സാധിക്കുകയുള്ളൂ എന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഈ രണ്ടു കേസുകളിലും ഇപ്പോൾ വിജിലൻസ് അന്വേഷണം നടന്നുവരികയാണ്.

(ബി) റവന്യൂ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടി സ്വീകരിക്കാത്തതിനെതിരെ ഹൈക്കോടതി പ്രത്യേക വിമർശനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ശ്രീ. സലിംരാജ് ഉൾപ്പെട്ട ഭൂമി തട്ടിപ്പുകേസുകൾ പരിഗണിക്കുന്ന വേളയിൽ ഹൈക്കോടതി ഇപ്രകാരം സർക്കാരിനെതിരെ നടത്തിയിട്ടുള്ള പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ അയാൾക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) യും (സി) യും

ബഹു. ഹൈക്കോടതി ഇക്കാര്യത്തിൽ പ്രത്യേ - ക വിമർശനം നടത്തിയിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച് മാധ്യമങ്ങളിൽ വാർത്തകൾ വന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന ശ്രീ. സലിംരാജ് ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് 25.06.2013 -ൽ സംസ്ഥാന പോലീസ് മേധാവി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ ടിയാൻ ഉൾപ്പെട്ടിട്ടുള്ള കടകംപള്ളിയിലെയും തൃക്കാക്കരയിലേയും ഭൂമി ഇടപാടുകേസുകളിൽ സംസ്ഥാന പോലീസ് മേധാവി വിജിലൻസ് അന്വേഷണം ശുപാർശ ചെയ്തിരുന്നു. പ്രസ്തുത കേസുകളിൽ ഇപ്പോൾ വിജിലൻസ് അന്വേഷണം നടന്നുവരുന്നു. കൂടാതെ

| | |
|---|---|
| | ബഹു. ഹൈക്കോടതി നിർദ്ദേശ പ്രകാരം റവന്യൂ സെക്രട്ടറി അന്വേഷണം നടത്തി റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) ഗുരുതരമായ ഗൂഢാലോചന നടന്നുവെന്ന് കോടതി കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ഈ കേസ് സി.ബി.ഐ. യെ കൊണ്ടന്വേഷിപ്പിക്കുവാൻ നടപടി സ്വീകരിക്കാത്തതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) സി.ബി.ഐ.യെക്കൊണ്ടോ ഏതെങ്കിലും പ്രത്യേക അന്വേഷണസംഘത്തെ കൊണ്ടോ അന്വേഷണം നടത്തുന്നതിന് സർക്കാരിന് യാതൊരുവിധ എതിർപ്പുമില്ല എന്ന് ബഹു. ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ